(എ) മൈനർ ഇറിഗേഷൻ വകുപ്പ് സുൽത്താൻ ബത്തേരി ഡിവിഷനിൽ ഈ വർഷം നടപ്പിലാക്കുന്ന പുതിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കുമോ;

(ബി) വർഷങ്ങളായി പണി പൂർത്തിയാക്കാതെ കിടക്കുന്ന ചെറിയ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി ഡിവിഷനിൽ ഈ വർഷം പുതിയ പ്രവൃത്തികൾ ഏറ്റെടുത്തിട്ടില്ല.

(ബി) വർഷങ്ങളായി പൂർത്തിയാക്കാതെ കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്നു. അവ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

57 (453) നദികളുടെ കര ഇടിയുന്നത് തടയാൻ നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ് :
ഡോ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷകാലത്ത് നദികളുടെ കരകൾ ഇടിഞ്ഞുപോകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) നദികളുടെ കരകൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) അനിയന്ത്രിതമായ മണൽവാരൽമൂലമാണ് കരകൾ ഇടിയുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മണൽവാരൽ നിയന്ത്രിക്കുന്നതിന് ജലസേചന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) മണൽവാരൽ നിയന്ത്രിക്കുന്ന നടപടികൾ കൂടുതൽ ഫലപ്രദമാക്കുവാൻ മറ്റു വകുപ്പുകളുമായി ചേർന്നു പുതിയ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരകൾ അധികമായി ഇടിയാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും, ഫ്ളഡ് ബണ്ടുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്. 'വെള്ളപ്പൊക്ക നിവാരണം', 'വെള്ളപ്പൊക്കക്കെടുതികളുടെ അറ്റകുറ്റപ്പണികൾ' എന്നീ രണ്ട് ശീർഷകങ്ങളിൽ ബഡ്ജറ്റിൽ തുക വകകൊള്ളിച്ച് കരയിടിച്ചിൽ ഭീഷണി അധികമായുള്ള പ്രദേശങ്ങളിൽ നദിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പാർശ്വഭാഗങ്ങളിൽ സംരക്ഷണഭിത്തിയും ഫ്ളഡ് ബണ്ടുകളും നിർമ്മിച്ചു വരുന്നു.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) നദികളിലുള്ള മണൽവാരൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിൽ വരുന്ന കാര്യമാണ്. ആയതിനാൽ അതാതു പഞ്ചായത്തുകളും, ജില്ലാകളക്ടർമാരുമാണ് ഇതിൻമേൽ നടപടികൾ സ്വീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിന്റെ ശ്രദ്ധിയിൽപ്പെടുന്ന കാര്യങ്ങൾ റവന്യൂ വകുപ്പ്, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളെ തക്കസമയത്ത് അറിയിക്കുന്നുണ്ട്.

(എഫ്) ഈ കാര്യം പരിഗണിക്കുന്നതാണ്.

58 (454) ലോവർ പെരിയാർ പദ്ധതിയുടെ പണി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോവർ പെരിയാർ പദ്ധതിയുടെ പണി ഏറ്റെടുത്തു നടത്തുന്ന കോൺട്രാക്ടർമാർ തൊഴിലാളികൾക്ക് നിയമപരമായി നൽകേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര കോൺട്രാക്ടർമാർ പ്രവർത്തിക്കുന്നുവെന്നും ഓരോരുത്തരുടെയും കീഴിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുവെന്നും തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകുന്നു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആകെ 103 തൊഴിലാളികൾ 7 കോൺട്രാക്ടർമാരുടെ കീഴിൽ പണിയെടുക്കുന്നുണ്ട്. അതിൽ കേരളാ ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, മാമല എന്ന കേരളാ ഗവൺമെന്റിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിൻകീഴിൽ 37 തൊഴിലാളികൾ അവിടെ പണിയെടുക്കുന്നുണ്ട്. കേരളാ ഗവൺമെന്റിന്റെ അധീനതയിൽ ഉള്ള സ്ഥാപനമായതിനാൽ നിയമാനുസൃതമായ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നുണ്ട്. കൂടാതെയുള്ള താഴെ പറയുന്നവരുടെ കീഴിൽ പണിയെടുക്കുന്നവരുടെ എണ്ണം ഇപ്രകാരം ആണ്.

1.	പി.ഐ. വർഗ്ഗീസ്	: 15
2.	സണ്ണി ജോസഫ്	: 4
3.	പ്രിസിഷൻ ഇൻജിനീയേഴ്സ്	: 23
4.	സി.ജെ. എൽഡോസ്	: 4
5.	കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗ് സെക്യൂരിറ്റി ഓർഗനൈസേഷൻ, മുട്ടമ്പലം പി.ഒ., കോട്ടയം	: 17
6.	ശ്രീമതി പി.സി. സതി	: 3

LIBRARY ARCHIVES Kerala Legislative Assembly